www.malankaralibrary.com



# "ആത്മീയ സ്നേഹത്തിന്റെ തീർത്ഥയാത്ര"

ഭാഗ്യസ്മരണാർഹനായ

## അഭിവന്ദ്യ ലോറൻസ് മാർ അപ്രേം

മെത്രാപ്പോലീത്തയുടെ നാൾവഴികൾ (1923 - 1977)

| മാർ അപ്രേം നഗർ യൂണിറ്റ് | സമർപ്പണം **MCA** | നെയ്യാറ്റിൻകര വൈദിക ജില്ല |
|---|---|---|

മലങ്കര കത്തോലിക്കാ സഭയിലൂടെ ഉദിച്ചുയർന്ന് ആഗോള സഭാരംഗത്തും ആതുര - സാമൂഹിക സാംസ്കാരിക - വിദ്യാഭ്യാസ രംഗങ്ങളിലും ജ്വലിച്ചു നിന്ന ഒരു ഭാസുരതാരമാണ് അഭിവന്ദ്യ ലോറൻസ് മാർ അപ്രേം മെത്രാപ്പോലീത്ത.

ദൈവത്തിന്റെ അനന്തമായ സ്നേഹത്താൽ ഭക്തരായ ജസ്റ്റസ് - വിക്ടോറിയ ദമ്പതികളുടെ പുത്രനായി 1923 മെയ് മാസം 15-ന് തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര താലൂക്കിൽ കാഞ്ഞിരംകുളത്തിനടുത്ത് കാക്കത്തോട്ടം എന്ന പുരാതന കുടുംബത്തിൽ ജനിച്ചു.

ലണ്ടൻ മിഷൻ (സി.എസ്.ഐ) സമൂഹത്തിലെ ഒരു അംഗമായി ജ്ഞാനസ്നാനം സ്വീകരിച്ചു. 9 വയസ് ഉള്ളപ്പോൾ കുടുംബം മുഴുവൻ തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ കീഴിൽ പ്രവർത്തിച്ചു വന്നിരുന്ന വെള്ളെലുമ്പ് (മാർ അപ്രേം നഗർ) സെന്റ്. സെബാസ്റ്റ്യൻസ് മലങ്കര കത്തോലിക്കാ ദൈവാലയത്തിൽ ചേർന്ന് സഭയുമായി ഐക്യപ്പെട്ടു.

ദൈവവിളിയുടെ വിത്ത് അദ്ദേഹത്തിൽ പാകിയത് ഫ്രാൻസിസ്കൻ മിഷനറി സഹോദരനായ അപ്രേം ആണ്. ഈ ബാലനിലെ സവിശേഷതകൾ മനസ്സിലാക്കുവാൻ കഴിഞ്ഞ ക്രാന്തദർശിയായ ദൈവദാസൻ മാർ ഈവാനിയോസ് 10 വയസ്സായ ബാലനെ അരമനയിൽ താമസിപ്പിച്ച് ഉള്ളൂരിലെ ദേവലം മെമ്മോറിയൽ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ പഠിക്കുവാൻ വേണ്ട ക്രമീകരണം ചെയ്തു.

1940-ൽ പട്ടത്തുള്ള സെന്റ്. മേരീസ് സ്കൂൾ ആരംഭിച്ചപ്പോൾ തുടർന്നുള്ള പഠനം അവിടെ പൂർത്തിയാക്കി. 1944 ജൂണിൽ നാലാഞ്ചിറ സെന്റ്. അലോഷ്യസ് മൈനർ സെമിനാരിയിൽ പരിശീലനം ആരംഭിച്ചു. 2 വർഷത്തെ പരിശീലനം കഴിഞ്ഞ്, ബാംഗ്ലൂർ സെന്റ്. ജോസഫ് മേജർ സെമിനാരിയിൽ നിന്നും തത്ത്വശാസ്ത്രത്തിലും ദൈവശാസ്ത്രത്തിലും പഠനം നടത്തി വൈദീക പരിശീലനം പൂർത്തിയാക്കി.

1953 മെയ് 14 കർത്താവിന്റെ സ്വർഗ്ഗാരോഹണ തിരുനാൾ ദിവസം രോഗശയ്യയിലായിരുന്ന ദൈവദാസൻ മാർ ഈവാനിയോസ് മെത്രാപ്പോലീത്തയുടെ അനുഗ്രഹം സ്വീകരിച്ചശേഷം അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തയിൽ നിന്നും വൈദീകപട്ടം സ്വീകരിച്ചു. മെയ് 15-ന് നാലാഞ്ചിറ സെന്റ്. അലോഷ്യസ് സെമിനാരിയിലെ ചാപ്പലിൽ പ്രഥമ ദിവ്യബലി അർപ്പിച്ചു.

1952 ഡിസംബർ മുതൽ 1963 ഒക്ടോബർ വരെ സെന്റ്. അലോഷ്യസ് സെമിനാരിയുടെ റെക്ടർ എന്ന പദവിയിൽ ശ്രദ്ധനേടി. സെമിനാരിയിലെ ഉത്തരവാദിത്വങ്ങൾക്കിടയിലും തിരുവനന്തപുരത്തും, പരിസര പ്രദേശങ്ങളിലും മുപ്പതോളം മിഷൻ കേന്ദ്രങ്ങൾ സ്ഥാപിച്ചു. 7 വർഷത്തെ സെമിനാരി മിഷൻ കേന്ദ്രീകൃത പ്രവർത്തനങ്ങൾക്കുശേഷം ഉപരിപഠനത്തിനായി റോമിലേയ്ക്ക് അയയ്ക്കപ്പെട്ടു. റോമിലെ പ്രശസ്തമായ ഗ്രിഗോറിയൻ യൂണിവേഴ്സിറ്റിയിൽ നിന്നും മിസിയോളജിയിൽ ഡിപ്ലോമയും സോഷ്യോളജിയിൽ ബിരുദവും നേടി. റോമിൽ നിന്നും തിരികെ എത്തിയപ്പോൾ പാളയത്തെ സെന്റ്. മേരീസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാസ്റ്ററൽ സ്റ്റഡീസിന്റെ ഡയറക്ടർ ആയി നിയമിതനായി.

പിരപ്പൻകോട് കേന്ദ്രമാക്കി സ്ഥാപിച്ച സെന്റ് ജോൺസ് ലെപ്രസി ആശുപത്രിയിൽ 1954 മുതൽ കുഷ്ഠരോഗികളെ പരിപാലിക്കുന്നതിനായി അദ്ദേഹം ശുശ്രൂഷ ഏറ്റെടുക്കുകയും, അതിന്റെ ഡയറക്ടറായി 1963-ൽ നിയമിതനാവുകയും ചെയ്തു. 1963 മുതൽ 1977 വരെ അദ്ദേഹം തിരുവനന്തപുരം മേജർ അതിരൂപതയുടെ ആരോഗ്യവകുപ്പിന്റെ മേധാവിയായി സേവനം അനുഷ്ഠിച്ചു. 1977 മുതൽ 1980 വരെ കന്യാകുമാരി ജില്ലയിലെ കിരാത്തൂർ സെന്റ്. തോമസ് ഹോസ്പിറ്റലിന്റെ മേധാവിയായും സേവനം അനുഷ്ഠിച്ചുകൊണ്ട് സംസ്ഥാന കേന്ദ്ര ലോകാരോഗ്യ സംഘടനകളുമായി സഹകരിച്ച് പ്രവർത്തിച്ചു.

www.malankaralibrary.com

'ദശലക്ഷങ്ങൾക്ക് ആരോഗ്യം' എന്ന ആശയത്തോടുകൂടി ആരംഭിച്ച പ്രസ്ഥാനത്തിന്റെ സ്ഥാപകനും പ്രണേതാവും അദ്ദേഹം തന്നെ ആയിരുന്നു. ഈ പ്രസ്ഥാനത്തിന് ലോകാരോഗ്യ സംഘടനയുടെ അംഗീകാരം നേടിയെടുക്കാൻ അദ്ദേഹത്തിന് സാധിച്ചു.

മലങ്കര കത്തോലിക്കാ സഭയുടെ പുനരൈക്യ സുവർണ്ണ ജൂബിലി 1970-ൽ കോട്ടയത്ത് വച്ച് ആഘോഷിച്ചപ്പോൾ തന്റെ സ്തുത്യർഹമായ ദൈവ ശുശ്രൂഷയുടെ അംഗീകാരമായി ഫാ. ലോറൻസ് തോട്ടം അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തയുടെ തൃക്കൈയ്യാൽ **ലോറൻസ് മാർ അപ്രേം** എന്ന പേരിൽ മെത്രാപ്പോലീത്തയായി അഭിഷേകം ചെയ്യപ്പെട്ടു. അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിന്റെ സഹായമെത്രാനായും, തിരുവനന്തപുരം മേജർ അതിരൂപതയുടെ വികാരി ജനറലായും അഖിലേന്ത്യാ കത്തോലിക്ക മെത്രാൻ സംഘങ്ങളുടെ സെക്രട്ടറി ജനറൽ ആയും സേവനം അനുഷ്ഠിക്കുവാൻ അദ്ദേഹത്തിന് സാധിച്ചു.

1983-ൽ മാർത്താണ്ഡം കേന്ദ്രമാക്കി പ്രവർത്തനം തുടങ്ങിയ അദ്ദേഹം കന്യാകുമാരി ജില്ലയിൽ ഒട്ടനവധി മിഷൻ സെന്ററുകളും ചാരിറ്റബിൾ ഇൻസ്റ്റിറ്റ്യൂട്ടുകളും ഒരു ഹൈസ്കൂളും അതിന്റെ പ്രാന്തപ്രദേശങ്ങളിൽ അഞ്ച് പ്രൈമറി - അപ്പർ പ്രൈമറി സ്കൂളുകളും അദ്ദേഹം ആരംഭിച്ചു. അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിന്റെ കാലശേഷം 1994 ഒക്ടോബർ 10 മുതൽ 1995 ഡിസംബർ 13 വരെ തിരുവനന്തപുരം മേജർ അതിരൂപതയുടെ അഡ്മിനിസ്ട്രേറ്ററായി സേവനം അനുഷ്ഠിച്ചു.

പരിശുദ്ധ പിതാവ് - ജോൺപോൾ രണ്ടാമൻ മാർപാപ്പ തിരുമനസുകൊണ്ട് 1996 ഡിസംബർ മാസം 16-ന് മാർത്താണ്ഡം രൂപത അനുവദിച്ചുകൊണ്ടുള്ള പ്രഖ്യാപനവും അതിന്റെ പ്രഥമ മെത്രാനായി അഭിവന്ദ്യ ലോറൻസ് മാർ അപ്രേം പിതാവിനെ നിയമിച്ചുകൊണ്ടുള്ള ഉത്തരവും പുറപ്പെടുവിച്ചു. അങ്ങനെ 1997 ജനുവരി മാസം 23-ന് മാർത്താണ്ഡം രൂപതയുടെ പ്രഥമ മെത്രാപ്പോലീത്തയായി അഭിവന്ദ്യ ലോറൻസ് മാർ അപ്രേം ക്രിസ്തുരാജ കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് ഔദ്യോഗികമായി ചുമതലയേൽക്കുകയും, കൃജ്ഞതയുടെ ബലി അർപ്പിക്കുകയും ചെയ്തു.

1997 ഫെബ്രുവരി 4-ാം തീയതി രാവിലെ നല്ല ക്ഷീണം അനുഭവപ്പെട്ടതിനാൽ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും, ഏതാനും ദിവസങ്ങൾക്കകം അദ്ദേഹത്തിന്റെ രോഗം മൂർച്ഛിക്കുകയും മസ്തിഷ്ക രക്തസ്രാവം ഉണ്ടാവുകയും, തത്ഫലമായി തിരുവനന്തപുരം ശ്രീചിത്ര മെഡിക്കൽ സെന്ററിൽ പ്രവേശിപ്പിക്കുകയും ചെയ്തു. അദ്ദേഹം അബോധാവസ്ഥയിൽ ആയിരുന്നുവെങ്കിലും അഭിവന്ദ്യ ആർച്ചു ബിഷപ്പ് സിറിൾ മാർ ബസേലിയോസ് രോഗീലേപനവും, അപ്പസ്തോലിക ആശീർവാദവും നൽകുകയുണ്ടായി.

തന്റെ ശുശ്രൂഷയുടെയും അധ്വാനത്തിന്റെയും ദൈവാശ്രയത്തിന്റേതുമായ സമ്മാനം വാങ്ങിക്കു വാൻ, പിതാവായ ദൈവത്തിന്റെ നീട്ടപ്പെട്ട കരങ്ങളിലേയ്ക്ക് നിത്യപുരോഹിതനായ യേശുക്രിസ്തുവിന്റെ പൗരോഹിത്യ മഹത്വത്തിലേയ്ക്ക് പരിശുദ്ധാത്മാവിനാൽ ആനയിക്കപ്പെട്ടവനായി അദ്ദേഹത്തിന്റെ പാവനാത്മാവ് പറന്നുയർന്നു.

രോഗത്തിന്റെയും വേദനയുടെയും യാതനയുടെയുമായ താൽക്കാലിക ഭവനത്തിൽ നിന്നും സന്തോ ഷത്തിന്റെയും സമാധാനത്തിന്റേതുമായ ശാശ്വത ഭവനത്തിലേയ്ക്ക് ആ പുണ്യാത്മാവ് 1997 ഏപ്രിൽ മാസം 8-ാം തീയതി അതിരാവിലെ ഒരു മണിയ്ക്ക് പ്രവേശിച്ചു. വന്ദ്യപിതാവിന്റെ ഭൗതീകശരീരം പരിപാവനമായി മാർത്താണ്ഡം ക്രിസ്തുരാജ കത്തീഡ്രലിൽ സൂക്ഷിച്ചിരിക്കുന്നു.

എനിക്ക് ഇഷ്ടപ്പെട്ട ഇടയന്മാരെ ഞാൻ നിങ്ങൾക്കു തരും. അവർ ജ്ഞാനത്തോടും വിവേകത്തോടും കൂടെ നിങ്ങളെ പാലിക്കും. (ജമെ. 3:15) ഈ കർതൃ വചനം പിതാവിന്റെ ജീവിതത്തിലൂടെ നിറവേറ്റപ്പെട്ടു എന്നത് അദ്ദേഹത്തിന്റെ 28-ാമത് ഓർമ്മപ്പെരുന്നാൾ ആചരിക്കുമ്പോൾ - മലങ്കര സുറിയാനി കത്തോലിക്കാ സഭാ മക്കൾക്ക് ഇന്നും ശക്തി നൽകുന്നു. ശ്രേഷ്ഠ ഇടയന്റെ മാധ്യസ്ഥം നമുക്ക് ശക്തമായ കോട്ടയായിരിക്കട്ടെ. "പിതാവേ സ്വർഗ്ഗത്തിൽ ഇരുന്നുകൊണ്ട് ഞങ്ങൾക്കായി പ്രാർത്ഥിക്കണമെ".

***"ആത്മീയ തേജസ്സിന്റെ പ്രേഷിത ദൗത്യത്തിന് സ്നേഹ പുഷ്പാഞ്ജലി"***